(ബി) ഇപ്രകാരം അംഗത്വം നൽകുന്ന ഭരണ സമിതിയുടെ നടപടികൾ തടയുവാൻ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)ആന്റ്(ബി) ഇതു സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽമേൽ അന്വേഷണം നടത്തി ക്രമവിരുദ്ധമായി ചേർത്തു എന്നു കാണുന്ന അംഗങ്ങളുടെ അംഗത്വം സഹകരണ ചട്ടം 16(4) പ്രകാരം റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

165 (2543) സഹകരണസ്ഥാപനങ്ങളെ ചിട്ടി ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാനുള്ള നടപടി

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണസ്ഥാപനങ്ങളെ ചിട്ടി ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാനുള്ള എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഗഹാൻ സമ്പ്രദായം പ്രാഥമിക സഹകരണ സംഘങ്ങൾക്കും നടപ്പിലാക്കാനുള്ള നടപടികൾ ഏതുവരെയായി എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഇക്കാര്യം ടാക്സസ് വകുപ്പുമായി കൂടിയാലോചിച്ചു വരികയാണ്.

(ബി) സർക്കാരിന്റെ പരിഗണനയിലാണ്.

166 (2544) ഇടത്തരം കച്ചവടക്കാർക്ക് വായ്പ നൽകുന്നതിനുള്ള പദ്ധതികൾ

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണബാങ്കുകൾ, പ്രാഥമിക സഹകരണസംഘങ്ങൾ എന്നിവ വഴി കേരളത്തിലെ ചെറുകിട-ഇടത്തരം കച്ചവടക്കാർക്ക് പരസ്പര ആൾ ജാമ്യത്തിൽ ഒരു ലക്ഷം രൂപവരെ വായ്പ നൽകുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എല്ലാ ബാങ്കുകൾക്കും ഈ പദ്ധതി നടപ്പിലാക്കുവാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ ചെറുകിട-ഇടത്തരം കച്ചവടക്കാർക്ക് പരസ്പര ആൾ ജാമ്യത്തിൽ 50,000/- രൂപ വരെ വായ്പ നൽകുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകി വരുന്നു.

(ബി)&(സി) ഇതു സംബന്ധമായ കരട് നിബന്ധനകൾ തയ്യാറാക്കി വരുന്നതേയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly